**കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്**
(1956 -ലെ കമ്പനീസ് ആക്ട് പ്രകാരം രൂപീകൃതം)
CIN:U40100KL2011SGC027424
**രജിസ്റ്റേർഡ് ഓഫീസ് : വൈദ്യുതി ഭവനം, പട്ടം ,**
**തിരുവനന്തപുരം -695004 , കേരളം.**
**ഫോൺ** : +91471 2514472 2514527 2514455 2514608
വെബ് : www.kseb.in ഇ-മെയിൽ pokseb@gmail.com

No. PS1 (B)/Special days /2024 തീയതി: 17/08/2024

**<u>പരിപത്രം</u>**

വിഷയം : 2024 ആഗസ്റ്റ് 19 – കെ.എസ്.ഇ.ബി ലിമിറ്റഡിൽ സദ്ഭാവനാ ദിനമായി ആചരിക്കുന്നത്- സംബന്ധിച്ച്

സൂചന – 03.08.2024 തീയതിയിലെ പൊതു ഭരണ (സർവ്വീസസ് – ഡി) വകുപ്പിന്റെ എസ്.ഡി 2/279/2024 പൊ. ഭ.വ. നമ്പർ പരിപത്രം.

മുൻ പ്രധാനമന്ത്രി രാജീവ് ഗാന്ധിയുടെ ജന്മദിനമായ ആഗസ്റ്റ് 20 സദ്ഭാവനാ ദിനമായി എല്ലാ വർഷവും ദേശ വ്യാപകമായി ആചരിച്ചുവരുന്നു. അക്രമ മാർഗ്ഗങ്ങൾ വെടിഞ്ഞു ദേശത്തിന്റെയും ഭാഷയുടെയും മതത്തിന്റെയും പേരിലുള്ള വ്യത്യാസങ്ങൾ മറന്ന് എല്ലാ വിഭാഗം ജനങ്ങളിലും ദേശീയ ഐക്യവും പരസ്പര സ്നേഹവും വളർത്തുന്നതിനുള്ള സന്ദേശം നൽകുന്നതിനാണ് വർഷം തോറും ഈ ദിനം ആചരിച്ചു പോരുന്നത് .

ഈ വർഷം ആഗസ്റ്റ് 20 പൊതു അവധി ദിനം (ശ്രീനാരായണ ഗുരു ജയന്തി) ആയതിനാൽ ആഗസ്റ്റ് 19 ന് (തിങ്കളാഴ്ച) സംസ്ഥാനത്തെ എല്ലാ ഗവൺമെന്റ് ഓഫീസുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും സദ്ഭാവനാ ദിനം ആചരിക്കുവാൻ സൂചന പരിപത്രം പ്രകാരം സംസ്ഥാന സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട് . ആയതിന്റെ അടിസ്ഥാനത്തിൽ കെ .എസ്.ഇ.ബി.എൽ ന്റെ കീഴിലുള്ള എല്ലാ കാര്യാലയങ്ങളിലും അന്നേ ദിവസം സദ്ഭാവനാ ദിനം ആചരിക്കേണ്ടതും ഇതുമായി ബന്ധപ്പെട്ട 'സദ്ഭാവനാദിന പ്രതിജ്ഞ ചടങ്ങ്' കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ എല്ലാ കാര്യാലയങ്ങളിലും **ആഗസ്റ്റ് 19 (തിങ്കളാഴ്ച) രാവിലെ 11 മണിക്ക്** സംഘടിപ്പിക്കേണ്ടതുമാണ്. (സദ്ഭാവനാ ദിന പ്രതിജ്ഞയുടെ പകർപ്പ് ഉൾച്ചേർത്തിരിക്കുന്നു).

കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ ആസ്ഥാന ഓഫീസ് സമുച്ചയമായ പട്ടം വൈദ്യുതി ഭവനിലെ രണ്ടാം നിലയിൽവച്ച് 19.08.2024 രാവിലെ 11 മണിക്ക് ബഹു: ചെയർമാൻ & മാനേജിംഗ് ഡയറക്ടർ അല്ലെങ്കിൽ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഡയറക്ടർമാരിൽ ഒരാൾ ജീവനക്കാർക്ക് സദ്ഭാവനാ ദിന പ്രതിജ്ഞാവാചകം ചൊല്ലിക്കൊടുക്കുന്നതായിരിക്കും. പ്രസ്തുത പരിപാടിയിൽ എല്ലാ ജീവനക്കാരും പങ്കെടുക്കേണ്ടതാണ് . ഇതിനോടനുബന്ധിച്ചുള്ള എല്ലാ ക്രമീകരണങ്ങളും സിവിൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ , വൈദ്യുതിഭവൻ, പട്ടം സജ്ജമാക്കേണ്ടതാണ്.

മുകളിൽ പറഞ്ഞിട്ടുള്ള നിർദ്ദേശങ്ങൾ എല്ലാ ഓഫിസ്/ വകുപ്പ് മേധാവികളും തങ്ങളുടെ അധികാര പരിധിയിൽ വരുന്ന എല്ലാ ജീവനക്കാരുടെയും ശ്രദ്ധയിൽപെടുത്തേണ്ടതും സദ്ഭാവനാ ദിന പ്രതിജ്ഞ ചൊല്ലൽ ചടങ്ങിൽ ജീവനക്കാരുടെ സജീവ സാന്നിധ്യം ഉറപ്പുവരുത്തേണ്ടതുമാണ് .

## പ്രതിജ്ഞ

"സമുദായം, മതം, പ്രദേശം, ഭാഷ തുടങ്ങിയ യാതൊരുവിധ പരിഗണനയും കൂടാതെ ഭാരതത്തിലെ എല്ലാ വിഭാഗം ജനങ്ങളുടേയും ഐക്യത്തിനും സൗഹാർദ്ദത്തിനും വേണ്ടി അർപ്പണ ബോധത്തോടെ പ്രവർത്തിക്കുമെന്ന് ഞാൻ ദൃഢപ്രതിജ്ഞ ചെയ്യുന്നു.

ഒരിക്കലും അക്രമ മാർഗ്ഗം സ്വീകരിക്കില്ലെന്നും എല്ലാത്തരം ഭിന്നതകളും ചർച്ചകളിലൂടെയും ഭരണഘടനാപരമായ മറ്റ് മാർഗ്ഗങ്ങളിലൂടെയും പരിഹരിക്കുമെന്നും ഞാൻ പ്രതിജ്ഞ ചെയ്യുന്നു."

Sd/-

സെക്രട്ടറി (ഭരണം)

പകർപ്പ് : എല്ലാ ചീഫ് എഞ്ചിനീയർമാർക്കും/ ഫിനാൻഷ്യൽ അഡ്വൈസർ / ചീഫ് ഇന്റേണൽ ഓഡിറ്റർ ലീഗൽ അഡ്വൈസർ & ഡിസിപ്ലിനറി എൻക്വയറി ഓഫീസർ/ ചീഫ് വിജിലൻസ് ഓഫീസർ/ കമ്പനി സെക്രട്ടറി /എല്ലാ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാർക്കും / ടി. എ ടു ചെയർമാൻ & മാനേജിംഗ് ഡയറക്ടർ/ ടി. എ ടു ഡയറക്ടർ (ഡിസ്ട്രിബ്യൂഷൻ, സേഫ്റ്റി, എസ്.സി.എം. & ഐ.റ്റി)/ ടി. എ ടു ഡയറക്ടർ (ട്രാൻസ്മിഷൻ, എസ്.ഒ. & പ്ലാനിംഗ്)/ടി. എ ടു ഡയറക്ടർ (ജനറേഷൻ, സിവിൽ)/ടി. എ ടു ഡയറക്ടർ (ജനറേഷൻ – ഇലക്ട്രിക്കൽ, റീസ്, സൗര, സ്പോർട്സ് & വെൽഫയർ)/എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും / ചീഫ് പബ്ലിക് റിലേഷൻ ഓഫീസർ /ഡെപ്യൂട്ടി സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ) പി. എ ടു ഡയറക്ടർ (ഫിനാൻസ്) /എല്ലാ റീജിയണൽ ഓഡിറ്റ് ഓഫീസർമാർക്കും/സി. എ ടു സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ)/ ലൈബ്രറി/സ്റ്റോക്ക് ഫയൽ.